# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പഞ്ചായത്ത് വകുപ്പ് - സെറിഫെഡിലെ സേവനകാലം പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതു സംബന്ധിച്ച് ശ്രീ.കെ.ആർ ശശി, യു.ഡി.ക്ലാർക്ക് മുതൽപേർ ഫയൽ ചെയ്ത WP© 34042/11 നമ്പർ റിട്ട് ഹർജിയിൻ മേലുള്ള ബഹു. ഹൈക്കോടതിയുടെ 20.12.2011 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം.1412/2012/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 23.05.2012.**

---

പരാമർശം:- 1)സ.ഉ(എം.എസ്) നമ്പർ 58/10/ഐഡി തീയതി 15.03.2010.
2)സ.ഉ(എം.എസ്) നമ്പർ 144/10/തസ്വഭവ തീയതി 09.07.2010.
3) ശ്രീ.കെ.ആർ ശശി മുതൽ പേർ സമർപ്പിച്ച 21.11.2011 ലെ നിവേദനം.
4) ശ്രീ.കെ.ആർ ശശി, യു.ഡി.ക്ലാർക്ക് മുതൽപേർ ഫയൽ ചെയ്ത WP© 34042/11 നമ്പർ റിട്ട് ഹർജിയിൻമേൽ ബഹു. ഹൈക്കോടതിയുടെ 20.12.2011 ലെ വിധിന്യായം.

## ഉത്തരവ്

1994 ൽ കേരള കോഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സെറിഫെഡ് എന്ന സ്ഥാപനം പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ലിക്വിഡേറ്റ് ചെയ്യുകയും സ്ഥാപനത്തിലെ ജീവനക്കാരെ തദ്ദേശസ്വയംഭരണവകുപ്പ് / ഗ്രാമ വികസന വകുപ്പ് / കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് എന്നിവിടങ്ങളിലേയ്ക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി അബ്സോർബ് ചെയ്യുകയുമുണ്ടായി. അതുപ്രകാരം ഇവരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള യോഗ്യ സേവനകാലം ഇവരെ വകുപ്പിൽ അബ്സോർബ് ചെയ്ത തീയതി മുതലേ കണക്കാക്കൂ എന്ന് വ്യവസ്ഥയുണ്ട്. തുടർന്ന് പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം മേൽ ജീവനക്കാർക്ക് പുതിയ സ്ഥാപനത്തിലെ സീനിയോറിറ്റി ആ സ്ഥാപനത്തിൽ പ്രവേശിക്കുന്ന തീയതി മുതലായിരിക്കുമെന്ന് നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ ഇപ്രകാരം സീനിയോറിറ്റി നിശ്ചയിക്കുമ്പോൾ പുനർവിന്യസിക്കപ്പെട്ട ജീവനക്കാരിൽ പലർക്കും മിനിമം പെൻഷൻ ലഭിക്കുന്നതിന് യോഗ്യമായ സർവ്വീസ് കാലാവധി ഉണ്ടാവുകയില്ലെന്നും ആയതിനാൽ സെറിഫെഡിലെ സേവനകാലാവധി കൂടി പെൻഷന് പരിഗണിക്കണമെന്നുമാവശ്യപ്പെട്ട് ശ്രീ.കെ.ആർ.ശശി മുതൽപേർ പരാമർശം 3 പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

ഇതേ ആവശ്യം പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ.കെ.ആർ ശശി മുതൽപേർ സമർപ്പിച്ച WP© 34042/11 ലെ ബഹു. ഹൈക്കോടതിയുടെ പരാമർശം 4 ലെ വിധിന്യായത്തിൽ തദ്ദേശസ്വയംഭരണ സെക്രട്ടറിയോട് പരാമർശം 3 പ്രകാരം ശ്രീ.കെ. ആർ.ശശി മുതൽപേർ സമർപ്പിച്ച നിവേദനം, (എക്സിബിറ്റ്.പി 18), എക്സിബിറ്റ് പി 15, പി16, & പി 17 എന്നിവയുടെ വെളിച്ചത്തിൽ പരിശോധിച്ച് 2 മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കാൻ ഉത്തരവായിരുന്നു.

02.02.2001 ലെ ജി.ഒ(പി) 228/2000/ഫിൻ (എക്സി.പി 15) ഉത്തരവുപ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിലെയും പഞ്ചായത്തിലെയും യൂണിവേഴ്സിറ്റികളിലെയും ജീവനക്കാർ സർക്കാർ സർവ്വീസിലേയ്ക്ക് മാറിയാൽ അവരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കുവേണ്ടി മേൽപ്പറഞ്ഞ സേവനകാലം കണക്കാക്കണമെന്ന് ഉത്തരവായിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ ഒപി നമ്പർ 10540/1998 ലെ 13.08.2002 ലെ വിധിന്യായത്തിന്റെയും (എക്സി.പ16) WP© 6536/2007 ലെ 13.10.2011 ലെ വിധിന്യായത്തിന്റേയും അടിസ്ഥാനത്തിൽ കെ.എസ്.ആർ.റ്റി.സിയിലെ സേവനകാലം സർക്കാർ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾക്ക് സേവനകാലമായി പരിഗണിക്കാൻ ഉത്തരവായിട്ടുണ്ട്. മേൽപ്പറഞ്ഞ എക്സിബിറ്റ് പി 15, എക്സിബിറ്റ് പി 16, എക്സിബിറ്റ് പി 17 എന്നിവയുടെ അടിസ്ഥാനത്തിൽ പരാമർശം 3 നിവേദനം സർക്കാർ പരിശോധിച്ചു.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം, 1994 ൽ കേരള കോഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്ന സെറിഫെഡ് നിശ്ചിത വ്യവസ്ഥകളോടെയാണ് ലിക്വിഡേറ്റ് ചെയ്ത് ജീവനക്കാരെ പുനർവിന്യസിച്ചത്. അതുപ്രകാരം ജീവനക്കാരെ തദ്ദേശ സ്വയംഭരണ വകുപ്പിൽ ട്രാൻസ്ഫർ ചെയ്ത തീയതി മുതൽക്കേ ക്വാളിഫൈയിംഗ് സർവ്വീസായി പരിഗണിക്കുകയുള്ളൂ. അതിനാൽ സെറിഫെഡ് ലിക്വിഡേറ്റ് ചെയ്തപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പിൽ അബ്സോർബ് ചെയ്ത ജീവനക്കാരുടെ സെറിഫെഡിലെ സേവനകാലം പെൻഷന് പരിഗണിക്കുവാൻ ചട്ട പ്രകാരം കഴിയില്ല. ആയതിനാൽ പരാതിക്കാരുടെ സെറിഫെഡിലെ സേവനകാലയളവ് പെൻഷന് പരിഗണിക്കണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ.കെ.ആർ ശശി മുതൽപേർ ഫയൽ ചെയ്ത WP© 34042/11 നമ്പർ റിട്ട് ഹർജിയിൻമേലുള്ള 20.12.2011 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**കെ.പി.ശ്രീകുമാർ**
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ ,എറണാകുളം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി , വ്യവസായ വകുപ്പ്,
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.ശശി.കെ.ആർ യു.ഡി.സി, കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത്,ആലപ്പുഴ.
ശ്രീ. പരമേശ്വരൻ എൻ.വി, എൽ.ഡി.ക്ലാർക്ക്, കുത്തിയതോട് ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ
ശ്രീ. ശരവണൻ റ്റി.കെ., എൽ.ഡി.ക്ലാർക്ക് ,കാവാലം ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ
ശ്രീ.ഇ.ആർ.ജയനന്ദൻ,എൽ.ഡി.ക്ലാർക്ക് , മുതുകുളം ഗ്രാമ പഞ്ചായത്ത് ആലപ്പുഴ
ശ്രീമതി.ഷൈല എം.ജെ. എൽ.ഡി.ക്ലാർക്ക്, ചക്കുപാലം ഗ്രാമ പഞ്ചായത്ത്, അനക്കര ഇടുക്കി.
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ